## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3348

12/12/2014-ന് മറുപടിക്ക്

### മള്ളിയൂർ സ്മൃതിമണ്ഡപം

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്

**മറുപടി**

ശ്രീ.കെ.സി ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) മള്ളിയൂർ സ്മൃതിമണ്ഡപം സ്ഥാപിക്കുന്നത് സംബന്ധിച്ച 7674/A2/2013/Culture നമ്പർ ഫയലിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മള്ളിയൂർ സ്മൃതിമണ്ഡപത്തിന്റെ ഡി. പി. ആർ. സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇത് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്; ഇതിന് വേണ്ടി യുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്;

(സി) സ്മൃതിമണ്ഡപത്തോട് അനുബന്ധിച്ച് പുതിയ പ്രപ്പോസൽ ഉയർന്നു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെ എങ്ങനെയാണ് പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(എ) യും (ബി) യും (സി) യും ഭാഗവതഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ സ്മരണാർത്ഥം സ്മൃതി മണ്ഡപം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് 2011-ൽ മള്ളിയൂർ ആദ്ധ്യാത്മിക പീഠം, മള്ളിയൂർ സ്മൃതിമണ്ഡപ നിർവഹണ സമിതി എന്നിവർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 2013-14 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സ്മൃതി മണ്ഡപ നിർമ്മാണത്തിന് 10 ലക്ഷം രൂപ പ്രഖ്യാപിക്കുകയുണ്ടായി. സ്മൃതി മണ്ഡപ നിർമ്മാണത്തിനാവശ്യമായ വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും, കോട്ടയം ജില്ലാ കളക്ടറോ,അപേക്ഷകരോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.അടിയന്തിരമായി നിർദ്ദേശം സമർപ്പിക്കാൻ വീണ്ടും ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്. മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ സ്മൃതിമണ്ഡപ നിർമ്മാണത്തിന്റെ കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ